
Indian Home Rule 100 YEARS
ഹിന്ദ് സ്വരാജ് ശതാബ്ദി സമിതി

കഴിഞ്ഞ രണ്ടു വർഷമായി ഹിന്ദ്സ്വരാജ് നൂറാം വാർഷീകാഘോഷം വിവിധ പരിപാടികളോടെ സംഘടിപ്പിക്കുന്നതിൽ മുൻകൈ എടുത്ത സമിതിയുടെ ജനറൽ കൺവീനർ അനുഭവങ്ങൾ പങ്കു വയ്ക്കുന്നു.

## ഹിന്ദ് സ്വരാജ് ശതാബ്ദി

# പ്രവർത്തനം നൽകിയ പാഠങ്ങൾ

**സണ്ണിപൈകട**




**നൂറുവർഷത്തിനപ്പുറം** ഒരു ഗ്രന്ഥം ഓർമ്മിക്കപ്പെടുന്നത് തന്നെ അപൂർവ്വമാണ്. കഴമ്പില്ലാത്ത പുസ്തകങ്ങൾ ഒരു ദശകം പോലും വായനക്കാരുടെ ഇടയിൽ നില നിൽക്കില്ല. ഹിന്ദ് സ്വരാജ് നൂറു വർഷം കഴിഞ്ഞും ചർച്ചചെയ്യപ്പെടുന്നത് അതെഴുതിയ ആളിന്റെ അനുയായി വൃന്ദത്തിന്റെ കഴിവു കൊണ്ടോ മേന്മകൊണ്ടോ അല്ല. ഒരു ഭരണകൂടത്തിന്റെയോ മതത്തിന്റെയോ ശക്തികൊണ്ടുമല്ല, മറിച്ച് ആ ഗ്രന്ഥത്തിന്റെ ഉൾക്കരുത്തു കൊണ്ടാണ്. സത്യം നിലനിൽക്കുന്നത് അത് കൊണ്ടു നടക്കുന്നവരുടെ കരുത്തുകൊണ്ടല്ല മറിച്ച് അത് സത്യമായതുകൊണ്ടാണ്.

ഹിന്ദ് സ്വരാജും ഇന്നത്തെ ലോകവും തമ്മിലുള്ള ദൂരം അളക്കാൻ ബുദ്ധിമുട്ടാണ്. ഇന്ന് മനുഷ്യൻ ആവേശപൂർവ്വം ആശ്ലേഷിക്കുന്നതിനെയൊക്കെ വലിച്ചെറിയാൻ പറയുന്ന ഗ്രന്ഥം എങ്ങനെ സ്വീകരിക്കപ്പെടും എന്ന് ആരും സംശയിക്കും. എന്നാൽ കേരളത്തിൽ കഴിഞ്ഞ രണ്ടു വർഷമായി നാം കണ്ടത് ഹിന്ദ് സ്വരാജിന്റെ 25000 പ്രതികൾ വിറ്റഴിയുന്നതാണ്. എന്താണിതിന്റെ രഹസ്യം എന്ന് പലവട്ടം ആലോചിച്ചു. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ കേരളത്തിലെ ഗാന്ധിയൻ സംഘടനകൾക്ക് കരുത്ത് വർദ്ധിച്ചോ? അംഗസംഖ്യയിലോ പ്രവർത്തനപരിപാടികളിലോ ഗാന്ധിയൻ സംഘടനകൾക്ക് കരുത്ത് വർദ്ധിച്ചു എന്ന് അതിന്റെ നേതാക്കൾപോലും അവകാശപ്പെടില്ല. മറിച്ചാണ് യാഥാർത്ഥ്യമെന്ന് ഗാന്ധിയൻ സംഘടനകളെ അടുത്തറിയുന്നവരെല്ലാം സമ്മതിക്കും. ഹിന്ദ് സ്വരാജ് ശതാബ്ദി ആചരണം പോലും ഗാന്ധിയൻ സംഘടനകൾ സ്വന്തം നിലക്ക് നടത്തിയത് പേരിനുമാത്രമാണ്. പിന്നെന്താണ് ഹിന്ദ് സ്വരാജ് വ്യാപകമായി കേരളത്തിൽ വായിക്കപ്പെടാൻ കാരണമെന്ന് ചിന്തിക്കുമ്പോൾ എനിക്ക് തോന്നുന്നത് രണ്ടു കാര്യങ്ങളാണ്. ആദ്യം സൂചിപ്പിച്ചതുപോലെ ഹിന്ദ് സ്വരാജിൽ സ്വയം പ്രസരണശേഷിയുള്ള സത്യത്തിന്റെ ഊർജ്ജമുണ്ട് എന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെകാര്യം ഗാന്ധിയും ഹിന്ദ് സ്വരാജും ഗാന്ധിയൻ സംഘടനകളുടെ നാലതിരുകൾക്കുള്ളിൽ നിന്നും പുറത്തുകടന്നു എന്നതാണ്.

വേറിട്ടൊരു ഗ്രന്ഥത്തിന്റെ ശതാബ്ദി വേറിട്ടതും വൈവിധ്യമാർന്നതുമായ പരിപാടികളോടെ സംഘടിപ്പിക്കപ്പെട്ടപ്പോൾ അതിൽ ഗാന്ധിയൻ സംഘടനാ നേതാക്കളുടെ പങ്കാളിത്തംതന്നെ കുറവായിരുന്നു. രാഷ്ട്രീയ ഭാഗ്യന്വേഷികളല്ലാത്ത സോഷ്യലിസ്റ്റുകളും, ബുദ്ധിപരമായ സത്യസന്ധതപുലർത്തുന്ന സാംസ്കാരിക പ്രവർത്തകരും, ഗൗരവപൂർണ്ണമായ ചിന്തകളോടെ പരിസ്ഥിതി- പൗരാവകാശ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും ഹിന്ദ് സ്വരാജ് ശതാബ്ദി പരിപാടികളിൽ നല്ല താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തു. നേതാക്കൻമാരിൽ ഒരു വിഭാഗം ഹിന്ദ് സ്വരാജ് ശതാബ്ദി സമിതിയോട് അസഹിഷ്ണതപ്രകടിപ്പിച്ചപ്പോഴും വിവിധ ഗാന്ധിയൻ സംഘടനകളിലെ ആദർശബോധമുള്ള പ്രവർത്തകർ ശതാബ്ദി പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.

ശതാബ്ദി സമിതിയുടെ

ആഭിമുഖ്യത്തിൽ ഒട്ടേറെ പരിപാടികൾ ആസൂത്രണം ചെയ്തെങ്കിലും എല്ലാ പരിപാടികളും ഫലപ്രദമാക്കാൻ കഴിഞ്ഞില്ല. സാമ്പത്തിക പരാധീനതകളും ചില ജില്ലകളിൽ പരിപാടികൾ ഉത്തരവാദിത്വപൂർവ്വം സംഘടിപ്പിക്കാൻ ആളില്ലാതെ പോയതും, കാരണമാണ്. ഈ പരിമിതികൾക്കിടയിലും ചില ഉദ്യമങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. മാവോയിസ്റ്റുകളുടെയും അവരെ നേരിടുന്ന ഭരണകൂടത്തിന്റെയും ഹിംസകൾക്കെതിരെയും, ഈറോം ശർമ്മിളയുടെ ഒരു പതിറ്റാണ്ടു പിന്നിട്ട സത്യാഗ്രഹത്തെ അവഗണിക്കുന്ന ഭരണകൂട സമീപനത്തിനെതിരെയും, ആഗോളതാപനം പോലുള്ള തിളയ്ക്കുന്ന പ്രശ്നങ്ങളിൽ കപടനാടകം കളിക്കുന്ന ലോകനേതാക്കൾ ഗാന്ധിയൻ സമീപനങ്ങൾ ഉൾക്കൊള്ളേണ്ടതു സംബന്ധിച്ചും അടിസ്ഥാനപരമായ ചില കാഴ്ചപാടുകൾ മുന്നോട്ടു വയ്ക്കാൻ ശതാബ്ദി സമിതിക്ക് കഴിഞ്ഞു. മാത്രവുമല്ല ഗാന്ധിമാർഗ്ഗത്തിന്റെ വിമർശകരായി പൊതുവിൽ വിലയിരുത്തപ്പെടുന്ന അംബേദ്ക്കറിസ്റ്റുകളുമായി പരസ്പരബഹുമാനത്തോടെയുള്ള ആശയവിനിമയത്തിന്റെ പാലം പണിയുവാനും ശതാബ്ദി പ്രവർത്തനങ്ങൾ വഴി കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. ഭക്ഷ്യസുരക്ഷപോലുള്ള വിഷയങ്ങളെ ജൈവകൃഷി, ഭക്ഷ്യോൽപാദനത്തിൽ ഭക്ഷണം കഴിക്കുന്ന എല്ലാവരുടെയും പങ്കാളിത്തം, ഭക്ഷണവും സ്വതന്ത്ര്യവും തുടങ്ങിയതലങ്ങളിലേക്ക് വികസിപ്പിച്ചു കൊണ്ട് ഭക്ഷ്യസ്വരാജ് എന്ന മുദ്രാവാക്യം ഉന്നയിച്ച് ഒരു വലിയ കാമ്പയിന് തുടക്കം കുറിക്കാനും കഴിഞ്ഞു. ഭക്ഷ്യസ്വരാജുമായി ബന്ധപ്പെടുത്തി ആരോഗ്യസ്വരാജ് എന്ന സങ്കല്പം മുന്നോട്ടു വയ്ക്കാൻ ശ്രമിക്കുകയാണ്. ഹിന്ദ് സ്വരാജിന്റെ ശതാബ്ദി പരിപാടികൾ സമാപിക്കുന്നത് തുടർപ്രവർത്തനങ്ങൾക്കുള്ള സാധ്യതകൾ തുറന്നുകൊണ്ടാണെന്നതാണ് ഏറ്റവും ആവേശകരമായ കാര്യം.ഹിന്ദ് സ്വരാജ് ശതാബ്ദി സമിതി പിരിച്ചുവിട്ടു കൊണ്ട് ഹിന്ദ് സ്വരാജ് ഫോറം എന്ന പേരിൽ ഒരു അയഞ്ഞ സംഘടനാസംവിധാനം രൂപികരിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനം കൊണ്ടു രൂപപ്പെട്ട കൂട്ടായ്മ വികസിപ്പിക്കാനും ഹിന്ദ് സ്വരാജിന്റെ ദിശയിൽ കൂടുതൽ അന്വേഷണങ്ങൾ നടത്താനും ഈ ശ്രമം പ്രയോജനപ്പെടും.

ആധുനിക മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറെ സങ്കീർണ്ണതകളുള്ള പ്രതിസന്ധികളുടെ ആഴം അറിയുന്നവരും, ഈ പ്രതിസന്ധികളെ അഭിമുഖീകരിക്കാൻ മുതലാളിത്തത്തിനും കമ്മ്യൂണിസത്തിനും പ്രാപ്തിയില്ലാ എന്ന് തിരിച്ചറിയുന്നവരും ഗാന്ധിയെയും ഹിന്ദ് സ്വരാജിനെയും മനസ്സിലാക്കാൻ മുന്നോട്ടു വരുമെന്നാണ് കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനം നൽകുന്ന പാഠം. ഹിന്ദ് സ്വരാജ് ഫോറത്തിലൂടെ ഇനി സംഘടിപ്പിക്കാൻ പോകുന്ന വിവിധപരിപാടികളിൽ കേരളത്തിലെ പരിസ്ഥിതി-പൗരാവകാശ പ്രവർത്തകരുടെയും, യഥാർത്ഥ സോഷ്യലിസ്റ്റുകളുടെയും ഗാന്ധിമാർഗ്ഗ പ്രവർത്തകരുടെയും സജീവമായ പങ്കാളിത്തവും ശ്രദ്ധയും ഉണ്ടാവുമെന്ന പ്രതീക്ഷയാണുള്ളത്.

**ഫോൺ**

**9446234997**


books
magazines
periodicals

BYWORD BOOKS

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577



നിങ്ങൾ ഒരു പുസ്തകം തുറക്കുന്നു,
പുസ്തകം നിങ്ങളെയും.

വിൽപനയിൽ




ഇങ്ങനെയും കുറെ
മലയാളികൾ
അടിയന്തരാവസ്ഥയിലെ
മാവോയിസ്റ്റ് ജയിൽപക്ഷികൾ

വില : 200/-

അനുബന്ധത്തിൽ - മാർക്സിസ്റ്റുകാരെ കൊലപ്പെടുത്തണമെന്ന പ്രതികാരമില്ലാത്ത, ബാബറിപള്ളി പൊളിക്കേണ്ടിവരുമെന്ന ദൃഷ്ടി ബാധിക്കാത്ത ഒരു ജയിൽ ജീവിതം, സംഘപരിവാറിന്റെ മലയാളി വിഭാഗം, സി. പി. എം. നോടും മാവോയിസ്റ്റുകളോടുമൊപ്പം അടിയന്തരാവസ്ഥയിൽ പങ്കിട്ടു. ജീവിതം എത്രയോ അത്ഭുതങ്ങളെ ഇനിയും ഒളിപ്പിച്ചു വെച്ചിട്ടുണ്ടാകും! സംഘത്തിന്റെ കുരുക്ഷേത്ര പ്രകാശൻ പ്രസിദ്ധീകരിച്ച "അടിയന്തരാവസ്ഥയിലെ ഒളിവുരേഖകൾ" എന്ന പുസ്തകത്തിലെ അടിയന്തരാവസ്ഥ തടവുകാരുടെ ലിസ്റ്റിൽ ജനസംഘം - ആർ. എസ്. എസുകാർ 116, സർവ്വോദയക്കാർ 3, സോഷ്യലിസ്റ്റ് പാർട്ടിക്കാർ 23, സംഘടനാ കോൺഗ്രസ്സുകാർ 1, പ്രതിപക്ഷണിസ്റ്റുകാർ 6, 104 മാർക്സിസ്റ്റുകാരും. അവരുടെ ലിസ്റ്റിൽ മാവോയിസ്റ്റുകളില്ല.

– ടി. എൻ. ജോയ്

വില്പനയിലുള്ള മറ്റു പുസ്തകങ്ങൾ

മനസ്സിന്റെ ജീവശാസ്ത്രം - 50/-
ടാബ്ളോ (കവിതകൾ) - 60/-
തടവറക്കവിതകൾ - 75/-
യൂറോപ്യൻ ഫുട്ബോൾ - 70/-
കറുപ്പും കരുത്തും കാൽപന്തും - 50/-
ഉമ്മാച്ചുവിന്റെ സമ്പൂർണ്ണ കവിതകൾ - 100/-

പുസ്തകങ്ങൾക്ക് :
വി. പി. പി. / മണി ഓർഡർ / ഡി. ഡി.

ഫ്ളെയിം ബുക്സ്
ചിയ്യാരം, തൃശൂർ - 680 026
ഫോൺ : 9447254630
flamebooks.tsr@gmail.com